# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4143 — 25/06/2014 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ ശുദ്ധജല വിതരണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവവകുപ്പ മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ജലവിതരണ പ്രവൃത്തികൾ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ ; | (എ) കേരള ജല അതോറിറ്റിയെ സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ 823.508 ലക്ഷം രൂപയുടെ ജലവിതരണ പ്രവൃത്തികൾ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.<br>ഭൂജല വകുപ്പ് മുഖാന്തിരം കോഴിക്കോട് ജില്ലയിൽ 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 12,07,624/ രൂപയുടെ പ്രവർത്തികളും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 22,25,959/ രൂപയുടെയും പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ ഇനത്തിൽ എന്തു തുക ഇതുവരെ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും ശേഷിച്ച തുക എപ്പോൾ നൽകാൻ കഴിയുമെന്നും അറിയിക്കുമോ ? | (ബി)<br>കേരള ജല അതോറിറ്റി<br>ചെലവഴിച്ച തുക — ലക്ഷത്തിൽ<br>ഡി.ആർ.ഡബ്ല്യു.ഫണ്ട് (എസ്.ഡി.ആർ.എഫ്) — 74.48<br>ജില്ലാ കളക്ടർ അനുവദിച്ച ഫണ്ട് — 237.93<br>ആകെ — 312.41<br>ഭൂജല വകുപ്പ് മുഖാന്തിരം കോഴിക്കോട് ജില്ലയിൽ 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം ആകെ 12,07,624/ രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (സി) ആസന്നമായ മൺസൂൺ കാലത്ത് വെള്ളപ്പൊക്കം മൂലം കോഴിക്കോട് ജില്ലയിൽ ശുദ്ധജലക്ഷാമം ഉണ്ടാകാനിടയുള്ള ജനവാസ കേന്ദ്രങ്ങളെ പ്രത്യേകം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (സി)നിലവിൽ കണ്ടെത്തിയിട്ടില്ല. പ്രത്യേക സാഹചര്യമുണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി)വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ഡി) വെള്ളപ്പൊക്കത്തിന് കൂടി കാരണമായേക്കാവുന്ന കടലാക്രമണം തടയുന്നതിന് അനിവാര്യമായ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്തു വരുന്നു. പുഴയോരങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിച്ചു വരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ ബണ്ടുകൾ അനിവാര്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി 'കൃഷ്ണക്കടവ്' മുതൽ 'മാളിക്കടവ്' വരെ ബണ്ട് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ